# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3819

19.03.2018-ന് മറുപടിയ്ക്ക്

## മാവേലിക്കര മണ്ഡലത്തിൽ അന്താരാഷ്ട്ര നിലവാരമുള്ള സ്കൂളുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ആർ. രാജേഷ് | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

(എ) വിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന പദ്ധതിയിൽ മാവേലിക്കര നിയമസഭാ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സ്കൂളുകളുടെ ഡി.പി.ആർ അംഗീകരിച്ചിട്ടുണ്ടോ;

(എ) & (ബി) സംസ്ഥാനത്തെ വിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതുമായി ബന്ധപ്പെട്ട് മാവേലിക്കര നിയോജക മണ്ഡലത്തിലെ ഗവ.ഗേൾസ് ഹയർ സെക്കന്ററി സ്കൂളിനെ അഞ്ചുകോടി രൂപയുടെ കിഫ്ബി മുഖേനയുള്ള സർക്കാർ ധനസഹായത്തോടെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാക്കുകയും അപ്രകാരം ഭരണാനുമതി നൽകുകയും കിഫ്ബി ധനസഹായത്തിനുള്ള അംഗീകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

കിഫ്ബി മുഖേനയുള്ള മൂന്നുകോടി രൂപയുടെ സർക്കാർ ധനസഹായത്തോടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് മാവേലിക്കര നിയോജക മണ്ഡലത്തിലെ കെ.കെ.എം. ജി.വി.എച്ച്.എസ്.എസ്. ഇലിപ്പക്കുളം, വള്ളിക്കുന്നിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാക്കുകയും അപ്രകാരം ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഭൗതിക സാഹചര്യ വികസനത്തിനായി തെരഞ്ഞെടുത്തിട്ടുള്ള ചുനക്കര ഹയർ സെക്കന്ററി സ്കൂളിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല.

| | | | |
|---|---|---|---|
| (സി) | ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കാൻ ചുമതലപ്പെടുത്തിയ എസ്.പി.വി. ഏതെന്ന് വ്യക്തമാക്കുമോ; | (സി) & (ഡി) | പ്രസ്തുത സ്കൂളുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കാൻ 'കിറ്റ്കോ' എന്ന സർക്കാർ അംഗീകൃത ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത മേഖലയിലുള്ള ടി ഏജൻസിയുടെ പ്രായോഗിക അറിവും പരിചയവും കണക്കിലെടുത്താണ് അവരെ ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| (ഡി) | പ്രസ്തുത എസ്.പി.വി.യെ തെരഞ്ഞെടുക്കുന്നതിനു സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെന്ന് വിശദമാക്കുമോ; | | |
| (ഇ) | ഓരോ സ്കൂളുകൾക്കും അനുവദിച്ച തുക എത്രയെന്ന് അറിയിക്കുമോ; | (ഇ) | മാവേലിക്കര ഗവ.ഗേൾസ് ഹയർ സെക്കന്ററി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്നതിന് 6.04 കോടി (ആറുകോടി നാലുലക്ഷം) രൂപയ്ക്കുള്ള ഭരണാനുമതിയും അഞ്ചുകോടി രൂപയ്ക്കുള്ള കിഫ്ബി അംഗീകാരവും ലഭ്യമായിട്ടുണ്ട്. ഭൗതിക സാഹചര്യ വികസനത്തിനായി തെരഞ്ഞെടുത്തിട്ടുള്ള വള്ളിക്കുന്നം, എലിപ്പക്കുളം കെ.കെ.എം.ജി.വി.എച്ച്. എസിന്റെ 4,17,65670/- (നാലുകോടി പതിനേഴ് ലക്ഷത്തി അറുപത്തയ്യായിരത്തി അറുന്നൂറ്റി എഴുപത്) രൂപയ്ക്കുള്ള പ്രവർത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (എഫ്) | നിർമ്മാണപ്രവർത്തനങ്ങളുടെ ചുമതലയും മേൽനോട്ട ചുമതലയും ഏതെല്ലാം സ്ഥാപനങ്ങൾക്കാണെന്ന് വിശദമാക്കുമോ; | (എഫ്) | വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എസ്.പി.വി. ആയി കൈറ്റിനെയും പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി യായി WAPCOS എന്ന അംഗീകൃത ഏജൻസിയേയും തെരഞ്ഞെടുത്തിട്ടുണ്ട്. കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള ടെൻഡർ നടപടികൾ പൂർത്തിയായി വരുന്നു. |
| (ജി) | നിർമ്മാണ പ്രവർത്തനങ്ങൾ 2018 മാർച്ച് 31 നു മുൻപായി ആരംഭിയ്ക്കുവാൻ കഴിയുമോ; വിശദമാക്കുമോ? | (ജി) | ഇല്ല. |

സെക്ഷൻ ഓഫീസർ